90 ദിവസം വരെ ഇളവു ചെയ്യുക, ഭൂമി പതിവു കേസ്സുകളിൽ തുക അടയ്ക്കുന്നതിനുള്ള കാലതാമസം ഇളവു ചെയ്യുക എന്നീ സാമ്പത്തിക ചുമതലകൾ താലൂക്കുസഭകൾക്കുണ്ട്. കൂടാതെ 1958-ലെ ഭൂമി വിട്ടൊഴിപ്പിക്കൽ നിയമത്തിൽ വേണ്ട ഭേദഗതി വരുത്തിക്കൊണ്ട് ആയതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനും, നാഷണാലിറ്റി സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനും, വർഗ്ഗീയ കലാപങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ സമാധാന കമ്മിറ്റിയായി പ്രവർത്തിക്കുന്നതിനും, വരൾച്ച, വെള്ളപ്പൊക്കം മുതലായവ കൈകാര്യം ചെയ്യുന്ന കാര്യങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കാനുള്ള ഭരണപരമായ ചുമതലകളും താലൂക്ക് സഭകൾക്കുണ്ട്.

(ബി) താലൂക്ക് സഭകളുടെ നടപടി റിപ്പോർട്ടുകൾ സഭയുടെ കൺവീനറായ തഹസീൽദാർ ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുകയും ഒരു ജില്ലയിലെ താലൂക്ക് സഭകളുടെ മൊത്തത്തിലുള്ള സംക്ഷിപ്ത റിപ്പോർട്ട് അതാതു മാസാവസാനം ജില്ലാ കളക്ടർ സർക്കാരിന് ലഭ്യമാക്കണ മെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പ്രവർത്തന റിപ്പോർട്ട് സർക്കാർ റവന്യൂ വകുപ്പിൽ അവലോകനം ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്.

(സി) സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ഡി) താലൂക്ക് സഭകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും പ്രത്യേക സെല്ലുകൾ സംഘടിപ്പിക്കാൻ ജില്ലാ കളക്ടർമാരെയും തഹസിൽദാർമാരേയും ജി.ഒ. (എം.എസ്) നം : 443/92/റവന്യൂ ഉത്തരവിലൂടെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

76 (2224) താലൂക്ക് പുനഃസംഘടന

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് പുന:സംഘടന എന്നത്തേക്ക് നടത്തുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ താലൂക്കുകൾ പുനഃസംഘടിപ്പിക്കുകയും പുതിയ താലൂക്കുകൾ രൂപീകരിക്കുകയും ചെയ്യുന്നതിലേക്ക് ഒരു പ്രത്യേക കമ്മിഷനെ നിയമിക്കുമോ;

(സി) പുതിയ താലൂക്കുകളുടെ രൂപീകരണത്തിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതു സംബന്ധിച്ച കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. പുതിയ സെൻസസ്സ് ആരംഭിക്കുന്നതിനാൽ 2001 മാർച്ച് വരെ റവന്യൂ യൂണിറ്റുകളുടെ അതിർത്തി വ്യതിയാനം പാടില്ലെന്ന് സെൻസസ് ഡയറക്ടർ ജനറൽ നിർദ്ദേശിച്ചിരിക്കുന്നതിനാൽ ഈ വിഷയത്തിൽ ഉടനെ തീരുമാനമെടുക്കുവാൻ സർക്കാരിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു പുതിയ താലൂക്ക് രൂപീകരിക്കുവാൻ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 4.5 മുതൽ 5 ലക്ഷം വരെ ജനസംഖ്യയും വേണം. കൂടാതെ ഭൂമിശാസ്ത്രപരവും, സാമൂഹികവുമായ പിന്നോക്കാവസ്ഥയും പരിഗണിക്കാറുണ്ട്.

77 (2225) പതിച്ചു നൽകി പുറംമ്പോക്ക് ഭൂമി തിരിച്ചെടുക്കാൻ നടപടി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ വഞ്ചിയൂർ ജംഗ്ഷനിൽ സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് പുറമ്പോക്ക് സർക്കാർ ഭൂമി ആരുടെയെങ്കിലും പേരിൽ പാട്ടത്തിനോ പതിച്ചോ നൽകിയിട്ടുണ്ടോ; എങ്കിൽ ആരുടെ പേരിൽ എത്ര സെന്റ് ഭൂമിയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഭൂമിയിൽ സ്ഥിരമായോ താൽക്കാലികമായതോ ആയ കെട്ടിടം പണിതിട്ടുണ്ടോ; എങ്കിൽ ഇതിന് ടൗൺ പ്ലാനിംഗ് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ ഭൂമി അനുവദിച്ചത് എന്ത് ഉദ്ദേശത്തിനാണോ ആ ഉദ്ദേശം നടപ്പിലാവുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ കെട്ടിടത്തിൽ സി.പി.ഐ (എം)-ന്റെ വഞ്ചിയൂർ ലോക്കൽ കമ്മിറ്റി ഓഫീസും ഡി.വൈ.എഫ്.ഐ.യുടെ വഞ്ചിയൂർ ഏരിയാ കമ്മിറ്റി ഓഫീസും പ്രവർത്തിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) തിരുവനന്തപുരം സിറ്റിയിൽ വഞ്ചിയൂർ ജംഗഷനിൽ സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് ആരുടെയും പേരിൽ സർക്കാർ ഭൂമി പാട്ടത്തിനോ പതിച്ചോ നൽകിയിട്ടില്ല. എന്നാൽ ടി വില്ലേജിൽ വഞ്ചിയൂർ ജംഗഷനിൽ സർവെ 1680-ൽ ഉൾപ്പെട്ട ഉദ്ദേശം ഒന്നര സെന്റ് പുറംമ്പോക്ക് സ്ഥലത്ത് സാക്ഷരതാ ഭവൻ പ്രവർത്തിച്ചുവരുന്നു.

(ബി) ടി പുറമ്പോക്ക് സ്ഥലത്ത് ഒരു താൽക്കാലിക ഷെഡ് നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. അതിന് ടൗൺ പ്ലാനിംഗ് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്നറിയില്ല.

(സി) ബാധകമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

78 (2226) സൗജന്യമായി സ്ഥലം കൊടുക്കുന്ന സ്കീമിൽ ഗവൺമെന്റ് നൽകിയ സ്ഥലങ്ങൾ

ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പാടം ഇല്ലാത്തവർക്കും റോഡ് പുറമ്പോക്കിൽ താമസിക്കുന്നവർക്കും വീട് വയ്ക്കുന്നതിന് സൗജന്യമായി സ്ഥലം കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly